"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പദ്ധതി 2024-25 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.25/2025/RD തീയതി,തിരുവനന്തപുരം, 04-01-2025

AS Number : AS/REV/24/39751

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.07.2024 തീയതിയിലെ എൽ.ആർ/10127/2023-എൽആർ(എം5)-(1) നമ്പർ കത്ത്.
2. 31.08.2024 തീയതിയിലെ സ.ഉ(പി)നം.76/2024/ധന നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.11.2024 തീയതിയിലെ എൽ.ആർ/10127/2023-എൽആർ(എം5)-പാർട്ട് (1) നമ്പർ കത്ത്.
4. 17.12.2024 തീയതി ചേർന്ന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സെക്രട്ടറിതല കമ്മിറ്റിയുടെ യോഗ തീരുമാനം.

**ഉത്തരവ്**

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഓൺലൈനായും പരമ്പരാഗത രീതിയിലും പൊതുജനങ്ങൾക്ക് റവന്യൂ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാനാണ് സ്മാർട്ട് റവന്യൂ ഓഫീസുകൾ ലക്ഷ്യമിടുന്നത്. വില്ലേജ് ഓഫീസ് തലം മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലം വരെയുള്ള ഓഫീസുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുവഴി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഭൂരിഭാഗം വില്ലേജ് ഓഫീസുകളിലും ലഭ്യമല്ല. കൂടാതെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഓഫീസുകൾ, താലൂക്ക്, സബ് ഡിവിഷണൽ, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിലും സമാനമായ സാഹചര്യമാണ് നിലവിലുള്ളത്. മെച്ചപ്പെട്ടതും നൂതന വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവുമായ ഓഫീസ് അന്തരീക്ഷം സേവന ദാതാവിനും ഗുണഭോക്താവിനും ഒരേപോലെ അത്യന്താപേക്ഷിതമാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിലേക്കായി കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം 5475-00-800-77-01 (പിവി) എന്ന

ശീർഷകത്തിൽ 4900 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2] പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിനായുള്ള വിശദമായ പദ്ധതി പ്രൊപ്പോസൽ പരാമർ ശം 1 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. എന്നാൽ 2024-25 സാമ്പത്തിക വർഷം ഇതിനകം ഭരണാനുമതി നൽകിയിട്ടുള്ളതും നൽകാനുള്ളതുമായ പദ്ധതികളുടെ നിലവിലെ അനിവാര്യത പരിശോധിച്ച് പദ്ധതി തുകയുടെ 50% ആയി നിജപ്പെടുത്തി പദ്ധതി പുനഃക്രമീകരണം നടപ്പിലാക്കുവാൻ സർക്കാർ പരാമർശം 2 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ 17.12.2024 തീയതിയിൽ കൂടിയ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സെക്രട്ടറിതല കമ്മിറ്റി പരിഗണിയ്ക്കുകയും റവന്യൂ വകുപ്പിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ 5 0 % തുകയ്ക്ക് തത്ക്കാലം ഭരണാനുമതി നൽകുവാനും അവശേഷിച്ച തുകയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം ഒരു മാസത്തേക്ക് മാറ്റിവയ്ക്കുവാനും നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി.

3] മേൽ സാഹചര്യത്തിൽ, നടപ്പ സാമ്പത്തിക വർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന പദ്ധതിഘടകങ്ങൾക്കായി 2950 ലക്ഷം രൂപ (ഇരുപത്തി ഒൻപതിനായിരത്തി അമ്പത് ലക്ഷം രൂപ) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | റവന്യൂ ഭവൻ | 2950.00 |
| 2 | സ്മാർട്ട് വില്ലേജുകൾ, മറ്റ് റവന്യൂ ഓഫീസുകൾ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണം | |
| | ആകെ | 2950.00 |

4] പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷത്തെ 5475-00-800-77-01 (പി വി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

5] പ്രസ്തുത പദ്ധതിയിലുൾപ്പെട്ട സ്മാർട്ട് വില്ലേജുകൾ/മറ്റ് റവന്യൂ ഓഫീസുകൾ എന്നീ പദ്ധതി ഘടകങ്ങൾക്കായുള്ള പ്രവൃത്തികൾക്കായി റവന്യൂ ഓഫീസുകളെ തെരഞ്ഞെടുത്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 04-01-2025 15:08:38